(ഡി) ഉണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ കൊഞ്ചുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജനകീയ മത്സ്യക്കൃഷിയിൽ മറ്റ് മത്സ്യങ്ങളോടൊപ്പം കൊഞ്ചുകൂടി കൃഷി ചെയ്യുന്നതിനുള്ള പ്രത്യേക പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന് ആവശ്യമായ "കൊഞ്ച്‌വിത്ത്" സ്വകാര്യ ഹാച്ചറിയിൽ നിന്നുകൂടിയാണ് ശേഖരിച്ചുവരുന്നത്.

(ഇ) മത്സ്യ കർഷക വികസന ഏജൻസി ഓരുജലമത്സ്യ കർഷക വികസന ഏജൻസി എന്നിവയുടെ നേതൃത്വത്തിൽ സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നൽകുവാനുള്ള പദ്ധതികൾ നിലവിലുണ്ട്.

22 (*142) റവന്യൂ കാർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന റവന്യൂ കാർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) റവന്യൂകാർഡ് നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാർഡ് നൽകുന്നതിന് ജനങ്ങളിൽനിന്ന് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) കാലാകാലങ്ങളിൽ സർക്കാർ വകുപ്പുകൾ അനുവദിക്കുന്ന വിവിധ സൗജന്യങ്ങളും ആനുകൂല്യങ്ങളും ധനസഹായങ്ങളും ഉറപ്പുവരുത്തുന്നതിനും, സർക്കാർ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ, സർക്കാരിന്റെ മറ്റു സ്ഥാപനങ്ങൾ എന്നിവ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി ഓരോ കുടുംബത്തിലും ഉള്ള അംഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്ന ഒരു ആധികാരിക രേഖ എന്ന നിലയിലുമാണ് റവന്യൂ കാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.

(ബി) ഇല്ല.

(സി) ഉണ്ട്. കാർഡൊന്നിന് പതിനഞ്ച് രൂപാ നിരക്കിൽ ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെയും ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

23 (*143) കാലവർഷക്കെടുതികൾ നേരിടുന്നതിന് നടപടി

ശ്രീ. ജോസ് ബേബി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതികൾ നേരിടുന്നതിന് സർക്കാർ എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അടിയന്തിരാശ്വാസ നടപടികൾക്കായി ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) കാലവർഷക്കെടുതികളിൽപ്പെട്ടവർക്ക് ഇതുവരെ എന്തെല്ലാം സഹായങ്ങൾ എത്തിച്ചുകൊടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തി മുൻകരുതൽ നടപടി സ്വീകരിക്കാനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ പ്രവർത്തനോന്മുഖമായി സജ്ജീകരിക്കുവാനും, വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും, ജില്ലാ കളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ദുരിതബാധിതരെ പുനരധിവസിപ്പിക്കേണ്ടിവന്നാൽ പൊതുകെട്ടിടങ്ങൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയവ കണ്ടെത്തി അവ ദുരിതാശ്വാസ കേന്ദ്രങ്ങളാക്കി ഉപയോഗിക്കാൻ സജ്ജമാക്കുന്നതിനും, കടലാക്രമണംമൂലം ദുരിതമനുഭവിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുവാനും ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നൽകുന്നതിനായി ക്രമീകരണങ്ങൾ നടത്തുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിക്കുന്ന അർഹരായ കുടുംബങ്ങൾക്ക് ഒരാഴ്ചത്തെ സൗജന്യ റേഷൻ, ആവശ്യമെങ്കിൽ നൽകിയശേഷം, അംഗീകാരം വാങ്ങിയാൽ മതിയെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവമൂലം ഉണ്ടാകുന്ന ഗതാഗത തടസ്സം ഉടനെ നീക്കുവാനും പകരം റൂട്ടുകൾ കണ്ടെത്തുന്നതിനും വാർത്താവിനിമയം തടസ്സപ്പെട്ടാൽ പകരം സംവിധാനം കണ്ടെത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും സുശക്തമായ കൺട്രോൾ റൂമുകൾ തുറന്നു പ്രവർത്തിച്ചുവരുന്നു.

(സി) ഇടുക്കി ജില്ലയ്ക്ക് 65 ലക്ഷം രൂപയും, ആലപ്പുഴ ജില്ലയ്ക്ക് 95 ലക്ഷവും, മറ്റ് 12 ജില്ലകൾക്ക് ഓരോന്നിലും 50 ലക്ഷം രൂപവീതവും അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

(ഡി) 21 ദുരിതാശ്വാസ ക്യാമ്പുകളിലായി 10987 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ച് അവർക്ക് അവിടെ ആഹാരം, വസ്ത്രം, തുടങ്ങിയവ നൽകി. കാലവർഷക്കെടുതിയിൽപ്പെട്ട് മരണമടയുന്ന മുതിർന്ന ആളിന്റെ കുടുംബത്തിന് 30,000/- രൂപ വീതവും, കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപ വീതവും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് വിതരണം ചെയ്തുവരുന്നു. പരിക്കേറ്റവർക്ക് സർക്കാർ ആശുപത്രിക്കു പുറത്തു പോയി ചികിത്സ വേണ്ടിവന്നാൽ പരമാവധി 1,500/- രൂപ വരെയും നൽകുന്നുണ്ട്. പൂർണ്ണമായും വീട് നശിച്ചവർക്ക് നൽകുന്ന 15,000/- രൂപയുടെ ആദ്യ ഗഡുവായി 5,000/- രൂപ മിക്കവാറും കേസ്സുകളിൽ നൽകിയിട്ടുണ്ട്. ഭാഗികമായി വീട് നശിച്ചവർക്ക് നഷ്ടതോതനുസരിച്ച് പരമാവധി 5,000/- രൂപ വരെ നൽകുന്നുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉടനെതന്നെ ബാക്കിയുള്ള കേസ്സുകളിലും ധനസഹായം നൽകുന്നതാണ്. കൃഷിനാശത്തിനുള്ള ധനസഹായം കൃഷിവകുപ്പ് തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, കാർത്തികപ്പള്ളി, ചേർത്തല താലൂക്കുകളിലെ കാലവർഷക്കെടുതിമൂലം ദുരിതം

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഒരാഴ്ചത്തെ സൗജന്യറേഷൻ അനുവദിച്ചിട്ടുണ്ട്. മലപ്പുറം, തൃശ്ശൂർ, വയനാട്. കോഴിക്കോട് ജില്ലകളിലും ദുരിതം അനുഭവിക്കുന്ന ഏതാനും ജില്ലകളിലും ജില്ലാ കള ക്ടർമാർ സൗജന്യറേഷൻ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പൊൻമുടി, ബോണക്കാട്, എന്നീ തോട്ടം മേഖലയിലെ ദുരിതബാധിതർക്കും ഒരാഴ്ചത്തെ സൗജന്യറേഷൻ അനുവദിച്ചിട്ടുണ്ട്.

24 (*144) മൂന്നാറിലെ ഭൂമി കൈയ്യേറ്റം

ശ്രീ. എ.കെ. മണി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ടാറ്റാ ടീ കമ്പനി പുറംപോക്ക് ഭൂമി കയ്യേറിയിട്ടുള്ള തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമസഭാ സമിതിയുടെ റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് എന്തെല്ലാം ശുപാർശകളാണ് നടത്തിയിട്ടുള്ളത്; ഉദ്ദേശം എത്ര ഏക്കർ ഭൂമി ഇപ്രകാരം കയ്യേറ്റത്തിന് വിധേയമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മൂന്നാറിൽ ഏറ്റവും കൂടുതൽ ഭൂമി കൈയ്യേറ്റം നടത്തിയിട്ടു ള്ളത് ആരാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്ര ഏക്കർ കയ്യേറ്റഭൂമി അവരുടെ കൈവശമുണ്ട്; ഈ ഭൂമി ഒഴിപ്പിച്ചെടുക്കാൻ ഉദ്ദേശമുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിൽ റവന്യൂ വകുപ്പിനെ സംബന്ധിക്കുന്ന താഴെ പറയുന്ന ശുപാർശക ളാണ് ഉള്ളത്.

I. കണ്ണൻദേവൻ മലകളിൽ പാട്ടത്തിന് നൽകിയ ഭൂമി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ മൂന്നു മാസത്തിനുള്ളിൽ റീ-സർവ്വേ നടത്തി പൂർത്തിയാക്കണം.

II) ടാറ്റാ ടീ കമ്പനിയുടെ കൈവശമുള്ള അധിക ഭൂമി തിരികെ എടുക്കുകയും, 1971-നുശേഷം ടീ കമ്പനി എത്ര ഏക്കർ ഭൂമി വിറ്റിട്ടുണ്ട് എന്ന തിനെ സംബന്ധിച്ച് ഒരു ഹൈ ലവൽ ഏജൻസിയെകൊണ്ട് അന്വേഷണം നട ത്തുകയും, അങ്ങനെ വിറ്റിട്ടുള്ള ഭൂമി സർക്കാർ തിരിച്ചെടുക്കുന്നതിനായി നട പടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്പോൾ മൂന്നാറിൽ നട ന്നുവരുന്ന സർവ്വേ പൂർത്തിയായാൽ മാത്രമേ ഭൂമി കൈയ്യേറിയിട്ടുണ്ടോ ഉണ്ടെങ്കിൽ എത്ര എന്നുള്ള വസ്തുത സ്ഥിരീകരിക്കാൻ കഴിയുകയുള്ളൂ.

(സി)&(ഡി) റീസർവ്വേ പൂർത്തിയായാൽ മാത്രമേ ഇതു സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കുകയുള്ളൂ. ഭൂമി കയ്യേറിയിട്ടുണ്ട് എന്ന് സ്ഥിരീകരി ച്ചാൽ അതൊഴിപ്പിക്കാനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly